കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 4/2025

03.03.2025

# പണിയെടുക്കുക... പോരാടുക..!

പണിയെടുക്കുമ്പോൾ 100% ആത്മാർത്ഥതയോടെ പണിയെടുക്കാനും പണി മുടക്കുമ്പോൾ അതേ ആത്മാർത്ഥതയോടെ പണിമുടക്കാനും ആഹ്വാനം ചെയ്യുന്ന സംഘടനയാണ് നമ്മുടെ സംഘടന. ആദ്യകാലം മുതൽ നാം അനുവർത്തിച്ചു പോരുന്ന നിലപാടാണ് ഇത്. പണിയെടുക്കുന്നവർക്കല്ലാതെ പണി മുടക്കാനും ആവില്ല എന്നതാണ് വസ്തുത.

നമ്മുടെ ബാങ്കിൽ എഴുപത് ശതമാനത്തോളം ജീവനക്കാരെ പ്രതിനിധാനം ചെയ്യുന്ന സംഘടനയാണ് യാഥാക്രമം വർക്ക്മാൻ ജീവനക്കാരുടെയും ഓഫീസർ ജീവനക്കാരുടെയും അംഗീകൃത സംഘടനകളായ കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയനും കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയനും. അതിനാൽത്തന്നെ നമ്മുടെ പ്രവർത്തനം ബാങ്കിന്റെ വളർച്ചയ്ക്കും പുരോഗതിക്കും നിർണ്ണായകവുമാണ്. മാറുന്ന കാലഘട്ടത്തിനനുസരിച്ച് ബാങ്കിംഗ് മേഖലയിൽ മത്സരം ഏറുകയാണ്. ഇതര ബാങ്കുകളിൽ അനാരോഗ്യകരമായ മത്സരം നടത്താൻ അവിടുത്തെ മാനേജ്മെന്റ് നേതൃത്വം നൽകുമ്പോൾ ജീവനക്കാരെ ഒറ്റക്കെട്ടായി മുന്നോട്ട് കൊണ്ടുപോകുന്ന കൂട്ടായ നേതൃത്വം എന്ന സിദ്ധാന്തമാണ് കഴിഞ്ഞ കാലങ്ങളിലെല്ലാം നമ്മുടെ ബാങ്കിനെ മുന്നോട്ട് നയിച്ചത്. അത് കേഡർ വ്യത്യാസമില്ലാതെ ഒരുമിച്ച് നിൽക്കണം എന്ന നമ്മുടെ സംഘടനയുടെ കൃത്യമായ നിലപാടിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ഭാഗമായി നാം ആർജ്ജിച്ചെടുത്തതാണ് എന്ന് അഭിമാനത്തോടെ നമുക്ക് പറയാം.

സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിലേക്ക് നാം കടന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മുൻകാലങ്ങളിൽ നാം ചെയ്തതുപോലെ, ഒരുപക്ഷെ അതിനേക്കാളേറെ സജീവമായി ബിസിനസ്സ് സമാഹരണത്തിന് മുന്നിട്ടിറങ്ങേണ്ടുന്ന സമയമാണ്. യൂണിയൻ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ സാധാരണക്കാർക്ക് കൂടുതൽ സേവനം നൽകുന്നതിൽ നിന്നും പുറകോട്ടടിപ്പിച്ച് കുത്തക മുതലാളിമാർക്ക് കൂടുതൽ സേവനങ്ങൾ നൽകുന്നതിലേക്ക് ബാങ്കുകളുടെ പ്രവർത്തനത്തെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. എന്നാൽ നമ്മുടെ ബാങ്ക് സാധാരണക്കാരിൽ നിന്നും സമാഹരിക്കുന്ന പണം സാധാരണക്കാരിലേക്ക് മാത്രമായി വായ്പയായി നൽകുന്നത് വഴി സമൂഹത്തെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന് നേതൃത്വം നൽകുന്നു. നമ്മൾ സമാഹരിക്കുന്ന ബിസിനസ്സ് ചെറുതായാലും വലുതായാലും അത് സമൂഹത്തിന്റെ പുരോഗതിയെയാണ് ചൂണ്ടിക്കാട്ടുന്നത്. വലുപ്പച്ചെറുപ്പമില്ലാതെ, കേഡർ വ്യത്യാസമില്ലാതെ നിക്ഷേപ സമാഹരണത്തിനും വായ്പാ വിതരണത്തിനും നാം ഏവരും മുന്നിട്ടിറങ്ങണം. ആദ്യത്തെ മൂന്ന് ക്വാർട്ടറുകളിലും നിക്ഷേപസമാഹരണം, വായ്പാ വിതരണം എന്നിവയ്ക്ക് അർഹിച്ച പ്രാധാന്യം കൊടുക്കുന്നതിന് പകരം മറ്റു പല കാര്യങ്ങൾക്കും ആയിരുന്നു മാനേജ്മെന്റ് ഊന്നൽ കൊടുത്തത്. ഇത് തെറ്റാണെന്നും കോർ ബാങ്കിംഗ് ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാണ് ശ്രദ്ധ കൊടുക്കേണ്ടത് എന്നും സംഘടന നിലപാട് രേഖപ്പെടുത്തിയാണ്.

കഴിഞ്ഞ ദിവസം ചെയർപേഴ്സൺ സംഘടനകളുടെ മീറ്റിംഗ് വിളിച്ചു ചേർത്ത് ബിസിനസ്സ് സംബന്ധിച്ച ചർച്ച നടത്തുകയുണ്ടായി. ബിസിനസ്സ് വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾക്ക് സംഘടന പൂർണ്ണമായും പിന്തുണ നൽകുമെന്ന നമ്മുടെ എക്കാലത്തെയും നിലപാട് ആ വേദിയിലും നാം രേഖപ്പെടുത്തി. എന്നാൽ individual target കൊടുത്ത് ജീവനക്കാരെ തമ്മിൽ അനാരോഗ്യകരമായ മത്സരത്തിലേക്ക് തള്ളിവിടുന്നത് സംഘടനയ്ക്ക് അംഗീകരിക്കാൻ കഴിയില്ല എന്നും ബ്രാഞ്ചുകൾക്കാണ് target കൊടുക്കേണ്ടത് എന്നും മുഴുവൻ ജീവനക്കാരും ബിസിനസ്സ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനത്തിൽ ഇടപെടാനുള്ള പദ്ധതികൾക്ക് ആസൂത്രണം നൽകുകയാണ് വേണ്ടത് എന്നും നിലപാട് രേഖപ്പെടുത്തുകയുണ്ടായി. പ്രസക്തമായ ആ നിലപാട് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ആ തരത്തിൽ തീരുമാനം കൈക്കൊള്ളും എന്നും individual ആയ ടാർഗറ്റുകൾക്ക് പകരം കൂട്ടായ പ്രവർത്തനം എന്ന നിലയ്ക്ക് ക്യാമ്പയിൻ eligibility Criteria ഉൾപ്പെടെ മാറ്റും എന്നും ചെയർപേഴ്സൺ നമുക്ക് ഉറപ്പു നൽകിയിട്ടുണ്ട്.

**നമ്മുടെ ബാങ്ക് നമുക്ക് വളരെ പ്രധാനപ്പെട്ടതും നമ്മുടെ അന്നവുമാണ്. മഹത്തായ നമ്മുടെ സ്ഥാപനത്തിന്റെ വളർച്ചയ്ക്കുതകുന്ന തരത്തിൽ ഏറ്റവും മനോഹരമായ രീതിയിൽ ബിസിനസ്സ് സമാഹരിക്കുന്നതിന് വളരെ സജീവമായി... ഊർജ്ജസ്വലമായി എല്ലാവരും രംഗത്തിറങ്ങണം എന്ന് സംഘടന ആഹ്വാനം ചെയ്യുന്നു.**

അഭിവാദനങ്ങളോടെ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

kartine29.deviantart